വിഷയം :- എല്ലാവരും ഇറങ്ങിപ്പോയി; ഒടുവിൽ
ആ തീവണ്ടിമുറിയിൽ അയാൾ മാത്രം.

## ആ യാത്രയിൽ

രാത്രിയുടെ ഏകാന്തതയും, ~~അ~~ നിശബ്ദതയും നിറഞ്ഞ വഴിയുലൂടെ അവൻ നടന്നു. എന്നാൽ ആ നിശബ്ദതയ്ക്ക് അൽപ്പം ആയുസ്സേ ഉണ്ടായിരുന്നുള്ളൂ. എറണാകുളത്തെ വഴികൾക്ക് രാത്രിയെന്നോ പകലെന്നോ ഉണ്ടോ? ഏത് നേരവും അവ ഉണർന്നുതന്നെ.. റെയിൽവേ സ്റ്റേഷനിലേക്ക് കലുഷിതമായ മനസ്സുമായ് അവൻ ചുവടുകൾ വെച്ചു. ട്രെയിൻ കാത്ത് ~~അവൻ~~ അവൻ ആ പ്ലാറ്റ്ഫോമിൽ ഇരുന്നു. ചിന്തകൾ ഒരു കയറ് പോലെ അവനെ വരിഞ്ഞ് മുറുക്കിക്കൊണ്ടിരുന്നു: ഒരു ജോലിക്ക് വേണ്ടി എന്നൊതുള്ളം. വന്നതാണ്. എന്നിട്ട് അത് കിട്ടിയുമില്ല.. ഇനിയെന്ത് ചെയ്യും.. മുന്നോട്ടുള്ള ജീവിതം ഒരു ചോദ്യചിഹ്നമായ് അവന്റെ മുന്നിൽ തെളിഞ്ഞുനിന്നു. ബുദ്ധിസ്ഥിരതയില്ലാത്ത തന്റെ പെങ്ങളുടെയും വയ്യാത്ത തന്റെ അമ്മയുടെയും

മുഖം. അവന്റെ മനസ്സിലൂടെ മിന്നിമറഞ്ഞു. പ്രായം
24 മാത്രമേ ആയുള്ളു. എന്നാൽ ഈ പ്രായത്തിൽ
താൻ അനുഭവിച്ചതും, കുടുംബത്തിന് വേണ്ടി
ചെയ്യുന്നതും അവനിൽ നോവ് കലർന്ന ഒരു സന്തോഷം
ഉളവാക്കി. അവൻ ചിന്തിച്ചു തന്റെ കൂട്ടുകാരെ പറ്റി
അവരെന്തിനാണ് ഈ പ്രായത്തിൽ എറണാകുളം
വരുന്നത് അടിച്ച്പൊളിക്കാനും ഷോപ്പിങ്ങിനും മറ്റും.
എന്നാൽ താനോ കുടുംബത്തിന് ഒരു നേരത്തെ
ആഹാരം കൊടുക്കാൻ, അതിന് വേണ്ടി ഒരു ജോലി
തിരയാൻ. ഓരോന്ന് ~~ആലോച്ചു~~ ആലോചിച്ച് അവൻ
കണ്ണുകളടച്ചു. തന്റെ ഫോൺ ശബ്ദിക്കുന്നത് കേട്ട്
യദു കണ്ണുകൾ തുറന്നു. ഡിസ്പ്ലേയിൽ അമ്മ എന്ന
പേര് കണ്ടപ്പോൾ അവനിൽ സങ്കടത്തിൽ ചാലിച്ച ഒരു
പുഞ്ചിരി വിടർന്നു. അവൻ ഫോൺ അറ്റൻഡ് ചെയ്തു.
മറുതലയ്ക്കൽ അമ്മയുടെ എല്ലാ ആകുലതകളും നിറ-
ഞ്ഞിരുന്നു: "മോനേ, നീ എവിടാ, നീ എന്തേലും കഴിച്ചോ,
നീ എപ്പൊ വരും, ജോലിയുടെ കാര്യം എന്തായി". അമ്മയുടെ
പക്കൽനിന്ന് നിർത്താതെയുള്ള ചോദ്യം കേട്ട് അവൻ
പറഞ്ഞു: "അമ്മേ, ഞാൻ പറയുന്നത് ആദ്യം കേൾക്ക്,

ആ ജോലി പോയി. അമ്മേ, ഞാൻ ഇപ്പോ അങ്ങോട്ട്
വരാൻ തുടങ്ങുവാ. ട്രെയിൻ കാത്തുനിൽക്കുന്നു." അമ്മയുടെ
പക്കൽനിന്ന് നിശബ്ദത സംസാരിച്ചുകൊണ്ടിരുന്നു. അവന്
മനസ്സിലായി അമ്മയുടെ ചിന്തകൾ കാടുകയറി പൊയ്ക്കൊ-
ണ്ടിരിക്കുകയാണെന്ന്. "അമ്മേ..." അവനൊന്നു വിളിച്ചു.
മറുതലയ്ക്കൽ നിന്നൊരു മൂളൽ മാത്രം. "അമ്മ ഒന്നു
കൊണ്ടും പേടിക്കണ്ട നമ്മുടെ കുടുംബത്തെ ഞാൻ
രക്ഷപ്പെടുത്തും. അമ്മേ..." അവൻ നിർത്തി. അതിന്
മറുപടിയെന്നവണ്ണം അമ്മ ചോദിച്ചു: "മോനെ അമ്മ
ഒരു കാര്യം പറഞ്ഞാൽ മോൻ അമ്മയോട് ദേഷ്യപ്പെടരുത്"
അവൻ സംശയഭാവത്തിൽ അമ്മയോട് എന്താണെന്ന്
ചോദിച്ചു. "മോനെ അമ്മ ഒരു ജോലിക്ക് പോകട്ടെ.
കഴിഞ്ഞ ദിവസം സുലോചന ഇവിടെ വന്നപ്പോൾ
ഒരു ജോലിയുടെ കാര്യം പറഞ്ഞിരുന്നു. അത് അമ്മ
ഒന്ന് നോക്കിയാലോ, അമ്മയ്ക്ക് ഇപ്പം പ്രത്യേകിച്ച്
ഒരു അസുഖവും ഇല്ല. മോൻ ഈ പ്രായത്തിൽ
ഒറ്റയ്ക്ക് എല്ലാം എങ്ങനെ താങ്ങും. ലോൺ, വാടക,
മിന്നുവിന്റെ ചികിത്സ കൂടെ അതിലേറെ വേറെ
കുറച്ച് കടങ്ങളും." അമ്മ പറഞ്ഞു നിർത്തിയതും

ദേഷ്യം നിറഞ്ഞ അൽപ്പം കനത്ത സ്വരത്തിൽ തന്നെ അവൻ പറഞ്ഞു: "അമ്മ എന്തിനാ ഇടയ്ക്കിടയ്ക്ക് ഇത് പറയുന്നത്. ഡോക്ടർ എന്താ പറഞ്ഞത് എന്ന് മറന്നുപോയോ: നല്ല വിശ്രമം വേണമെന്ന്. കുറച്ചു നാൾ കൂടി അമ്മ എന്റെ കൂടെ വേണമെന്ന് ഞാൻ ആഗ്രഹിക്കുന്നത് ഇത്ര വലിയ തെറ്റാണോ?" അവൻ നിർത്തി. "മോനേ അമ്മ അങ്ങനെ ഒന്നും ഉദ്ദേശിച്ചില്ല. അമ്മയെ പറഞ്ഞ് മുഴുമിപ്പിക്കാൻ സമ്മതിക്കാതെ അവൻ ഇടയ്ക്ക് കയറി പറഞ്ഞു "എന്നെ ഇങ്ങനെ വിഷമിപ്പിക്കല്ലേ അമ്മേ.. ആ അമ്മയുടെയും മകന്റെയും സംഭാഷണം അൽപ്പം കൂടി നീണ്ടു. അമ്മ ഫോൺ വെച്ച-തിനു ശേഷം അവൻ ചിന്തിച്ചു. എഴുന്നേറ്റു നടക്കാൻ വയ്യ. അമ്മയ്ക്ക് ബുദ്ധിമുട്ടാണ്. എനിക്ക് അറിയാം. എന്നിട്ടും എന്നെ കഷ്ടപ്പെടുത്താതിരിക്കാൻ അമ്മ കടലോളം സഹിക്കുന്നു.. ഇത്രയും ക്ഷമയുള്ള ഒരു സ്ത്രീയെ ഞാൻ കണ്ടിട്ടില്ല, ഈ അമ്മയെ അല്ലേ എന്റെ അച്ഛൻ അത്രയും കഷ്ടപ്പെടുത്തിയത്. അവൻ തന്റെ അച്ഛനെ പറ്റിയോർത്തു. മൃഗമായായിരുന്നു അയാൾ. മനുഷ്യരൂപവും മൃഗത്തിന്റെ സ്വഭാവവും

~~[illegible]~~ കള്ളു കുടിച്ച് എന്നും തന്റെ അമ്മ-
യെ അടിക്കും., പല സ്ത്രീകളെയും ആയിട്ട് അയാൾക്ക്
ബന്ധമുണ്ട്. മദ്യത്തിന്റെ ലഹരിയിൽ മത്ത് പിടിച്ച
മനസ്സുമായി അദ്ദേഹം വരും തന്റെ അമ്മയുടെ അടുത്ത്
വരും. ശരീരസുഖത്തിനുവേണ്ടി മാത്രം. പിന്നെ പിന്നെ
ഓരോ ദിവസവും വീട്ടിൽ ഓരോ സ്ത്രീകളെയും കൂട്ടി
വരാൻ തുടങ്ങി. എതിർക്കാൻ നോക്കിയ എന്റെ
ഗർഭിണിയായ അമ്മയെ ~~തല്ലുന്ന~~ എന്റെ മുന്നിലിട്ട്
തല്ലുന്നത് കണ്ടുനിൽക്കാനെ എനിക്കന്ന് കഴിഞ്ഞൊള്ളു.
ജീവനിൽ ഭയന്ന് എന്നെയുമായ് അന്ന് ഇറങ്ങിയതാ-
ണമ്മ ആ വീട്ടിൽ നിന്ന്. പിന്നീട് കേൾക്കുന്നത്
അയാൾ ഏതോ വണ്ടിയിടിച്ച് മരിച്ചന്നാണ്. ഞങ്ങൾ-
ക്കന്ന് പ്രത്യേകിച്ച് ഒരു വികാരവും തോന്നിയില്ല. അന്നു-
തൊട്ട് രാവും പകലുമില്ലാതെ അമ്മ കഷ്ടപ്പെടുകയാ-
യിരുന്നു. അമ്മ ~~എന്നെ~~ എനിക്കും മിന്നുവിനും വേണ്ടി.
ഡിഗ്രി അവസാന വർഷ പരീക്ഷയുടെ അന്നാണ്
അമ്മയ്ക്ക് ആദ്യത്തെ ഹൃദയാഘാതം വന്നത്. പിന്നീട്
അമ്മയെ ജോലിക്ക് വിട്ടില്ല. അല്ലറചില്ലറ ജോലികളുമായി
ആ കുടുംബം തന്നാലാവുന്ന വിധം അവൻ നോക്കി.

ചിന്തകൾ കാടു കയറി: ഇനിയെന്തു ചെയ്യും എന്ന് ഓർത്ത് അവന്റെ മനസ്സ് ~~ച~~ ചഞ്ചലമായി. അവൻ റെയിൽവേ സ്റ്റേഷനിൽ ഒന്ന് കണ്ണുകളോടിച്ചു. ഒരു പെൺകുട്ടി ഒറ്റയ്ക്ക് നടന്നു വരുന്നു. ഇവൾക്ക് പേടിയില്ലേ, ഓ. എറണാകുളമല്ലേ ഇവിടെ. എന്ത് ആൺകുട്ടി, പെൺകുട്ടി. കണ്ടാൽ ഒരു 22 വയസ്സ് തോന്നിക്കും. അൽപ്പം മോഡേൺ ആണ് എങ്കിലും സ്ത്രീത്വം തുളുമ്പുന്ന മുഖം. അവൾ അവനോട് വന്ന് ചോദിച്ചു. "അതേ കോട്ടയത്തേക്ക് ഉള്ള ട്രെയിൻ എപ്പോഴാ". അവൻ മറുപടി പറഞ്ഞു "അതുടനെ വരും ഞാനും അതിനാ." ~~എന്ന~~ "എനിക്ക് പാലാ പോകാൻ വേണ്ടിയാ അപ്പോ. കോട്ടയത്ത് നിന്ന് ബസ് കാണില്ലേ". അവൾ ചോദിച്ചു "എനിക്ക് കൃത്യമായിട്ടറിയില്ല". അവൻ പറഞ്ഞു. അവരുടെ ഇടയിൽ നിശബ്ദത തളംകെട്ടി. അൽപ്പ സമയത്തിനു ശേഷം ട്രെയിൻ ഒരു മുഴക്കത്തോടെ വന്ന് നിന്നു. വലിയ തിരക്കില്ലായിരുന്നു. അവൻ ജനലിന്റെ ഓരം ചേർന്നിരുന്നു. എല്ലാവരും അടുത്ത സ്റ്റേഷനിൽ ഇറങ്ങി. ആ തീവണ്ടിമുറിയിൽ അവൻ മാത്രം.. കുറച്ചു സമയത്തിനു ശേഷം നേരത്തെ

സ്റ്റേഷനിൽ കണ്ട പെൺകുട്ടി അവന്റെ അടുത്ത് വന്നിരുന്നു. അവൾ പറഞ്ഞു. അപ്പുറത്തു ഒറ്റയ്ക്ക് ഇരിക്കാൻ ഒരു പേടി അതാ വന്നത്. അവൾ അവന്റെ എതിർവശത്തായി വന്ന് സ്ഥാനം പിടിച്ചു. അവൻ അവളോട് ചോദിച്ചു "അപ്പൊ ഇയാൾക്ക് ഒറ്റയ്ക്ക് യാത്ര ചെയ്യാൻ പേടിയില്ലേ?" "ഏയ് ഇല്ല". അവൾ ഒരു പുഞ്ചിരിയോടെ പറഞ്ഞു. "മാതാപിതാക്കൾ നല്ല പുരോഗമനവാദികൾ ആയിരിക്കും അല്ലേ"? അവൻ ചോദിച്ചു. അതെന്താ അങ്ങനെ ചോദിച്ചേ? അല്ല ഒരു പെൺകുട്ടിയെ ഇങ്ങനെ ഒറ്റയ്ക്ക് വിടുന്ന അതുകൊണ്ട് പറഞ്ഞതാ. അവൾ ഒന്ന് ചിരിച്ചു എനിക്ക് അങ്ങനെ കാത്തിരിക്കാൻ ~~[illegible]~~ മാതാപിതാക്കളോ സഹോദരങ്ങളോ ഒന്നും ഇല്ലടോ. അവൾ പറഞ്ഞു. അവന് വല്ലാതായി. അവൻ ചോദിച്ചു "എന്താ പറ്റിയേ". ഓർമ്മകളുടെ കുഴിമാടത്തിൽ നിന്ന് ആ പഴയ ഓർമ്മകളെ അവൾ കുത്തിപുറത്തേക്കിട്ടു.

എന്നെ പ്രസവിച്ചപ്പോഴെ എന്റെ അമ്മ മരിച്ചു. അച്ഛൻ മാത്രമേ ഉണ്ടായിരുന്നുള്ളു. ഞങ്ങൾക്ക് അങ്ങനെ ബന്ധുക്കൾ ആരും ഉണ്ടായിരുന്നില്ല. ഒരു ചേച്ചി എന്നെ നോക്കാൻ ഉണ്ടായിരുന്നു. പക്ഷേ എനിക്ക്

എട്ട് വയസ്സായപ്പോഴേക്കും അവർ ജോലി നിർത്തി
പോയി. അതെന്താണെന്ന് എനിക്ക് അപ്പോൾ
മനസ്സിലായില്ല. നാളുകൾ കടന്നുപോയി. ഞാൻ
പ്രായപൂർത്തിയായ ഒരു പെൺകുട്ടിയായി. അപ്പോളാണ്
എനിക്ക് മനസ്സിലായത് അച്ഛന് എന്നോടുള്ള സ്പർശ-
നങ്ങളിലും നോട്ടത്തിലും പെരുമാറ്റത്തിലും വാത്സല്യ-
ത്തിനു പകരം കാമം ആയിരുന്നുവെന്ന്. തകർന്നുപോയി
ഞാൻ. അങ്ങനെ ഒരു ദിവസം മദ്യത്തിന്റെ മയക്കുമ-
രുന്നിന്റെയും ലഹരിയിൽ അയാൾ എന്നിലേക്ക് ഒരു
മൃഗത്തെപോലെ ~~ആഴ്ന്നി~~ ആഴ്ന്നിറങ്ങി. പ്രതിരോധി-
ക്കാൻ നോക്കിയെങ്കിലും നടന്നില്ല. ഒടുവിൽ സർവ്വശക്തി-
യുമെടുത്ത് അടുത്തിരുന്ന നിലവിളക്ക് കൊണ്ട് ഞാൻ
അയാളെ കൊന്നു. അടുത്ത വീട്ടിലെ ചേച്ചി വന്ന്
നോക്കുമ്പോൾ രക്തത്തിൽ കുളിച്ചു കിടക്കുന്ന
അച്ഛനെയാണ്.. സ്വയരക്ഷ എന്ന പേരിൽ കോടതി
എന്നെ വെറുതെ വിട്ടു. ഇപ്പോ ~~കോട്ടയത്ത്~~ പാലായിൽ ഒരു
ഐ.ടി. കമ്പനിയിൽ ജോലിചെയ്യുന്നു. എല്ലാം കേട്ട്
സ്തംബ്ധനായി നിൽക്കുകയാണ് യദു. അവൻ അവളുടെ
മുഖത്തേക്ക് നോക്കി. കണ്ണുകൾക്കടിയിൽ നീർച്ചാലുകൾ.

സ്വപ്നില സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവന് അവളോട് ഒരു ബഹുമാനം തോന്നി. ഈ ചെറുപ്രായത്തിൽ അവൾ എത്രത്തോളം അനുഭവിച്ചിരിക്കുന്നു. "എന്താ തന്റെ പേര്" അവൻ ചോദിച്ചു. "യാമിനി" അവൾ മറുപടി പറഞ്ഞു. അവർ ഇരുവരും കോട്ടയം സ്റ്റേഷനിൽ ഇറങ്ങി. അവൾക്ക് പോകാൻ പാലായിലേക്ക് വണ്ടിയുണ്ടോ എന്ന് അവൻ തിരക്കി. "ഇനി നാളെയേ വണ്ടിയുള്ളൂ" അവൻ പറഞ്ഞു. ഇനിയെന്തു ചെയ്യും എന്ന ഭാവത്തിൽ അവൾ അവനെ നോക്കി. "താനൊരു കാര്യം ചെയ്യ്. ഇന്ന് എന്റെ വീട്ടിൽ നിന്നോ". അവൻ പറഞ്ഞു. അവൾ അത്ഭുതത്തോടെ അവനെ നോക്കി. താൻ പേടിക്കണ്ടടോ ഞാൻ തന്നെ ഒന്നും ചെയ്യില്ല. വീട്ടിൽ അമ്മയും പെങ്ങ-ളുമൊക്കെയുണ്ട്. അവളൊന്ന് ചിരിച്ചു. അവനും. അന്ന് അവൾ അവിടെ തങ്ങി. ഈ സമയത്തിനുള്ളിൽ മധുവും യാമിനിയും തമ്മിൽ നല്ലൊരു സൗഹൃദം ഉടലെടുത്തു. ദിവസങ്ങൾ കടന്നുപോയി. അവർ പോലും അറിയാതെ അവർ അങ്ങോട്ടുമിങ്ങോട്ടും അടുത്തു. അവന്റെ ജീവിതം എങ്ങുമെത്താതെ ഇങ്ങനെ നിൽക്കുന്നതിൽ അവൾ വളരെയധികം വിഷമിച്ചു.

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: ...............................

Participant Code: 110

ഒരു ദിവസം രാത്രി അവൾ അവനെ വിളിച്ചിട്ട് പറഞ്ഞു "യദു ഞാൻ നാളെ അങ്ങോട്ട് വരും. നീ എന്റെ കൂടെ ഒരു സ്ഥലം വരെ വരണം: നല്ല വ്യക്തിക്ക് ഒരു ജോലി നിൽക്കണം: ഇപ്പൊ ഇങ്ങോട്ടൊന്നും പറയണ്ട എല്ലാം ഞാൻ നാളെ പറയാം." പിറ്റേദിവസം അവൻ അവളുടെ കൂടെ പോയി. വണ്ടി ~~അവൾ~~ അവൾ ജോലി ചെയ്യുന്ന കമ്പനിയിൽ വന്നു നിന്നു. പഠനം ഉണ്ടായിരുന്നതിനാൽ അവളുടെ നിർദേശപ്രകാരം അവന് അവിടെ ഒരു നല്ല ജോലി കിട്ടി. അവന് ~~എന്ത~~ എന്ത് പറയണമെന്നോ എന്ത് ചെയ്യണമെന്നോ അറിയില്ലായിരുന്നു: ~~അവന്റെ~~ അവന്റെ കണ്ണുകൾ നിറഞ്ഞു. യദു അവളോടായി ചോദിച്ചു: "എങ്ങനെയോ എന്റെ ജീവിതത്തിലേക്ക് വന്ന് എന്റെ ജീവിതത്തിൽ വെളിച്ചം പകർന്നവളാണ് നീ. ഇനി ഒരിക്കലും എന്നെ വിട്ട് പോകാതെ എന്റെ പാതിയായി എന്നും കൂടെ നിന്നൂടെ?" അവളുടെയും കണ്ണുകൾ എന്തിനെന്നില്ലാതെ നിറഞ്ഞു. അവൾ ~~ചിരിച്ചുകൊണ്ട്~~ ചിരിച്ചുകൊണ്ട് അവളുടെ സമ്മതം അറിയിച്ചു. അവൻ അവളെ ഇറുകെ പുണർന്നു. ആ ഒപ്പിത്ത ജീവിതി ഇന്ന് നിറഞ്ഞ ~~[illegible]~~

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നിറഞ്ഞ സന്തോഷത്തോടെ നിലയ്ക്കാതെ ആടിക്കൊണ്ടിരിക്കുന്നു.